## കുണ്ടുവാറ തോട്:

പീച്ചി അണക്കെട്ടിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ഈ പ്രദേശങ്ങളിൽ ഒരുപഞ്ചീമറ നെൽകൃഷിയാണ് നടന്നിരുന്നത്. ഒന്നാം ലോക യുദ്ധാരംഭത്തോടെ തോടുകൾ താഴ്ത്തിയും തോടുകളിൽ ഉചിതമായ സ്ഥലങ്ങളിൽ മരങ്ങളും പുൽക്കട്ടയും വെട്ടിയിട്ട് തടയണ സൃഷ്ടിച്ചാണ് നെൽക്കൃഷിക്ക് ജലം സംഭരിച്ചിരുന്നത്. ജലദൗർലഭ്യവും ഉൽപ്പാദന ക്ഷമത കുറഞ്ഞ വിത്തുകളുടെ ഉപയോഗവും മൂലം വിളവ് വളരെ താഴ്ന്നതായിരുന്നു.

പീച്ചി അണക്കെട്ടിന്റെ നിർമ്മാണം പൂർത്തിയായതോടെ തോടുകളിൽ പലകയിട്ട് ജലം സംഭരിക്കാവുന്ന നിരവധി തടയണകൾ കുണ്ടുവാറ പ്രദേശത്ത് നിർമ്മിച്ചതിനെ തുടർന്ന് ഇരിപ്പുകൃഷി പ്രാബല്യത്തിൽ വരികയുണ്ടായി.

വിശാലമായ കുണ്ടുവാറ പ്രദേശത്ത് രണ്ടുമൂന്നു ചെറിയ കുന്നുണ്ടായതിൽ കൃഷിക്കായി പത്തോളം വീട്ടുകാർ സ്ഥിരമായി താമസിച്ചിരുന്നു.

1980-തോടെ നെൽകൃഷിയിൽ ആദായം കുറയുകയും പട്ടണം വികസിക്കുവാൻ തുടങ്ങിയതോടെ ഈ പ്രദേശങ്ങളിൽ ജനകേന്ദ്രീകരണം ആരംഭിക്കുകയും ചെയ്തു.

തൃശ്ശൂർ ഷൊർണ്ണൂർ റോഡിൽ നിന്ന് പടിഞ്ഞാറോട്ട് കുണ്ടുവാറത്തോട്ടിൽ കോവിലകത്തുംപാടത്ത് ആവ്യം കമ്പിനിച്ചിറയും (തടയണ) പിന്നീട് കോലോത്തെ ചിറയും പിന്നീട് കരിക്കാട്ടു കുഴിച്ചിറയും ജലസംഭരണത്തിനായി നിർമ്മിച്ചത് ഉപയോഗശൂന്യമായി കിടക്കുകയാണ് ( ഇത് കുണ്ടുവാറ ഉൾപ്പെട്ടതല്ല).

കുണ്ടുവാറ പ്രദേശത്ത് കുണ്ടുവാറച്ചിറ, കുറുപ്പാൾച്ചിറ എന്നീ രണ്ടു തടയണകൾ

കുണ്ടുവാറ , ഗാന്ധിനഗർ ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന നെൽകൃഷി പ്രധാന പ്രദേശമായിരുന്നു.

പറവട്ടാനി മലനിരകൾക്കിടയിൽ സ്ഥിതിചെയ്യുന്ന സർക്കാർ ഫാമിൽ നിന്നാരംഭിക്കുന്ന തോട്,പറവട്ടാനി കായൽ വഴി പടിഞ്ഞാറ് ഒഴുകി നെല്ലങ്കര കെട്ട് കടന്ന് തൃശ്ശൂർ മ്യൂസിയത്തിന്റെ അരകിലോമീറ്റർ വടക്ക് വശത്തായി പടിഞ്ഞാറോട്ടൊഴുകി പുഴയ്ക്കലിൽ ചെന്നുചേരുന്നു.

ഈ തോടിന്റെ ഇരുവശങ്ങളിലും നെല്ലങ്കരക്കെട്ടു മുതൽ ചേറൂർേറാഡുവരെയുള്ള പ്രദേശങ്ങളാണ് കുണ്ടുവാറ എന്നറിയപ്പെട്ടിരുന്നത്.

കട്ടിളപൂവ്വം മലനിരകളിൽ നിന്നാരംഭിക്കുന്ന താണിക്കുടം പുഴ കുണ്ടുവാറയുടെ വടക്കെ അതിർത്തിയിലൂടെ ഒഴുകുന്നു.

കുണ്ടുവാറ പ്രദേശത്തിന് രണ്ടു തോടുകൾക്കിടയിലായി 1 കിലോ മീറ്ററോളം തെക്ക് വടക്കായി വീതിയും 2 കിലോ മീറ്ററോളം കിഴക്ക് പടിഞ്ഞാറായി നീളവും ഉണ്ട്.

സഹ്യപർവ്വത്തിന്റെ തുടർച്ചായി സ്ഥിതിചെയ്യുന്ന വെള്ളാനി മലനിരകളുടെ പടിഞ്ഞാറുഭാഗത്ത് പുഴകളിലെ എക്കൽ വന്നടിഞ്ഞ് നിരപ്പായി കിടന്നിരുന്ന ഈ പ്രദേശങ്ങളെ പോത്തുമേയും മറ്റം എന്ന പേരിൽ കൃഷിക്കായി കൊച്ചിസർക്കാർ നാമമാത്ര നികുതിക്ക് തമിഴ്ബ്രാഹ്മണർക്ക് പതിച്ച് കൊടുത്തതായും പിന്നീട് പാട്ടമായും ജന്മമായും മലയാളികളുടെ ഉടമസ്ഥതയിൽ വന്നുചേർന്നിട്ടുള്ളതുമാണ്.കിഴക്ക് ഭാഗത്തെ മലയിൽ നിന്ന് മഴവെള്ളം ഒഴുകി പടിഞ്ഞാറ് കായലിൽ ചെന്നുചേരുന്നതിന് പ്രകൃതിദത്തമായ നിരവധി തോടുകളുണ്ടായിരുന്നതിൽ കുണ്ടുവാറ പ്രദേശത്തിന്റെ മദ്ധ്യഭാഗത്തുകൂടെ കടന്നുപോകുന്ന കൊപ്രചാൽ പ്രധാനപ്പെട്ടതാകുന്നു.കുണ്ടുവാറയുടെ വടക്കേ അതിർത്തിയായ താണിക്കുടം പുഴയിൽ ( പി.ഡബ്ല്യു.ഡി നട്ടുത്തോട് ) തിരുവോണപ്പുറം ചിറ, പാറത്തോട് ചിറ എന്നീ രണ്ടു പലക ഉപയോഗിക്കാവുന്ന തടയണയും സ്ഥിതിച്ചെയ്യുന്നു.

താണിക്കുടം പുഴയിൽ നിന്ന് തടയണ മുഖാന്തിരം ജലം കുണ്ടുവാറയിലേക്ക് കൊണ്ടുവരാൻ ഉപയോഗിച്ചിരുന്ന കൊപ്രത്തോട്ടിൽ പലക മുഖാന്തിരം ജലം സംഭരിച്ചിരുന്ന ഒരു തടയണവും ഉണ്ട്.

ഡിസംബർ 24-തിയതി ഈ ചിറകളിലെ പലകകൾ നീക്കംചെയ്ത് പാടത്തെ ജലം വറ്റിച്ച് കൊയ്ത്താരംഭിക്കുന്നു. ഡിസംബർ അവസാനത്തോടെ പലകകൾ വീണ്ടും ഉറപ്പിച്ച് വേനൽകാലത്ത് ജലം സംഭരിച്ച് നിർത്തിയിരുന്നു.ചിറ സംരക്ഷണം പഞ്ചായത്ത് തിരഞ്ഞെടുക്കപ്പെട്ട കൃഷിക്കാരെ ഏല്പ്പിച്ചിരുന്നു.

കുണ്ടുവാറ പ്രദേശങ്ങളിൽ ഇപ്പോൾ നെൽകൃഷി അവസാനിച്ചുവെന്ന് പറയാവുന്നതാണ്.

ചെമ്പുകാവിൽനിന്നും കുറ്റൂർമന വഴി കുണ്ടുവാറ വരുമ്പോൾ കുണ്ടുവാറ പാലത്തിനു സമീപമായി കൽപ്പടവുകൾ കാണാൻ കഴിയും. പണ്ടുകാലങ്ങളിൽ മരണശേഷ ക്രിയയായ ബലിദർപ്പണം നടത്തിയിരുന്നത് ഈ കുളികടവിലാണ്. അതിനപ്പുറം കന്നുകാലി കടവും കാണാൻ കഴിയും. കന്നുകാലികളെ കുളിപ്പിച്ചിരുന്നത് അവിടെയായിരുന്നു. ഇപ്പോഴും ഈ രണ്ടു കടവുകളും ഇവിടെ അവശേഷിക്കുന്നു.

## പടവരാട് തോട് :

ഒല്ലൂർ പടവരാട് എന്ന സ്ഥലത്താണ് ഈ തോട്. ദിവാൻ ശങ്കര വാര്യരുടെ കാലത്താണ് ഈ തോട് നിർമ്മിച്ചത്. ജലസേചന സൗകര്യാർത്ഥമാണ് ഇതുണ്ടാക്കിയത്. ഒരു ദിവസം കൊണ്ടാണ് ഇത് നിർമ്മിച്ചത്.

ഒല്ലൂർ പള്ളി ഗ്രൗണ്ട്-പള്ളിയുടെ മണിമാളികയുടെ നേരെ ഒരു തോടുണ്ടായിരുന്നു.

**വാൽ കിണർ :**
മണ്ണുത്തി നല്ലങ്കര ദേശത്ത് എലുവത്തിങ്കൽ ഡേവീസിന്റെ വീട്ടിലെ പറമ്പിൽ ഒരു വാൽ കിണർ ഉണ്ട്. അത് പണ്ടുമുതൽക്കേ ഉണ്ടായിരുന്നതാണെന്ന് പറയുന്നു. ഇതിന്റെ പ്രത്യേകതയായി പറയുന്നത്- ഈ കിണറ്റിലാണത്രേ പണ്ട് പാമ്പിന്റെ ഉറ ഊറക്കിടാനായി ഉപയോഗിച്ചിരുന്നത്. ഇത് ഊറക്കിട്ട് ചെരിപ്പ് കുത്തിയിരുന്നതായും പറയുന്നു.

**വടക്കെ ചിറയിൽ ആനകുളിക്കുന്ന കടവ്:**
വടക്കേച്ചിറയുടെ കിഴക്കുഭാഗത്ത് വടക്കേ അറ്റത്ത് ആനകൾക്ക് ഇറങ്ങി കുളിക്കുവാൻ ചരിവോടുകൂടിയ ഒരു കടവുണ്ടായിരുന്നു. കൂടുതൽ ആനകൾ വരുമ്പോൾ അത്രയും ആനകൾക്ക് വെള്ളം കോരി കുളിക്കുവാൻ സൗകര്യമുണ്ടായിരുന്നില്ല. അക്കാലത്ത് ഇന്നത്തെപ്പോലെ മോട്ടോർ പമ്പുകൾ കൂടുതൽ പ്രചാരമുണ്ടായിരുന്നില്ല. അതുകൊണ്ടുകൂടിയാണ് ആനകൾക്കുള്ള ഈ കടവ് കെട്ടിയിരുന്നത്. വടക്കേച്ചിറ ദേവസ്വത്തിൽനിന്നും മുനിസിപ്പാലിറ്റി ഏറ്റെടുത്ത് അവ വളച്ചു കെട്ടിയതിനാൽ ആനകൾക്ക് കുളിക്കുന്ന സൗകര്യം നിന്നു.

**കുന്നുകൾ:**
എടക്കുന്നിയിൽ ധാരാളം കുന്നുകളുള്ള പ്രദേശമായിരുന്നു. അതിനാലാണ് എടക്കുന്നി എന്ന പേരുവന്നത് എന്നു പറയപ്പെടുന്നു.

**കിടങ്ങ്:**
ടിപ്പു സുൽത്താന്റെ കോട്ടയും കിടങ്ങും വഞ്ചിക്കടവ് തൊട്ട് പൂങ്കുന്നം വരെ നീണ്ടു കിടന്നിരുന്നു. 40 അടി താഴ്ച്ചയും 4 ദണ്ഡ് (അടി) വീതിയുമാണ് കിടങ്ങിനുണ്ടായിരുന്നത്. ഒരു കുതിര വന്നാൽ ഈ കിടങ്ങിനപ്പുറത്തേക്ക് ചാടിക്കടക്കുവാൻ സാധിക്കുമായിരുന്നില്ല. ഈ കിടങ്ങ് ചാടിയാണ് ടിപ്പു സുൽത്താന്റെ കുതിര കടവാരത്തേക്ക് പോയത്. കിടങ്ങ് തീർത്ത സ്ഥലത്ത് 47 വീട്ടുകാർ ഇപ്പോൾ താമസിക്കുന്നുണ്ട്. സി.സി.ജോർജ്ജ് എം.പി ആയിരുന്ന കാലത്ത് ഈ സ്ഥലത്തിന് പട്ടയം കിട്ടുന്നതിനു വേണ്ടി ഏഴു വർഷം പോരാടി. 1867 ലാണ് കിടങ്ങ് തീർത്തത്.

**കൊക്കർണികൾ, <u>തുരുത്തു</u>കൾ:**
കൈമൾമാർക്കും നായന്മാർക്കുമാണ് കൂടുതൽ കൊക്കർണികൾ ഉണ്ടായിരുന്നത്. അതൊന്നും ഇപ്പോൾ നിലവിലില്ല. അയ്യംകുന്ന് തുരുത്ത്, അറക്കം തുരുത്ത്, പുത്തൻ കോളിന്റെ ഭാഗത്ത് ഒരു <u>തുരുത്തു</u>ണ്ടായിരുന്നു. ആ സ്ഥലത്തിനെ ഇപ്പോഴും "തുരുത്തിപറമ്പ്" എന്നാണ് പറയുന്നത്. പനമുക്ക് ഭാഗ<u>ത്തു</u>ള്ള ഭൂമികൾ ചരിഞ്ഞ ഭൂപ്രദേശമുള്ള ഭൂമികൾ ആണ്.അത് പനകളും തെങ്ങുകളും കവുങ്ങുകളും ഉള്ള സ്ഥലമായിരുന്നു.

**വിജനമായ സ്ഥലങ്ങൾ :**

പനമുക്ക് എന്ന സ്ഥലത്ത് ആട്ടോക്കാരന്റെ ഒരു ഒഴിഞ്ഞ വിജനമായ സ്ഥലം, 10 ഏക്കർ ഉണ്ട്. അവിടെ അടുത്ത് ഒരു മനുഷ്യന്റെ അസ്ഥികൂടം കിട്ടിയിരുന്നു. തികച്ചും വിജനമായ സ്ഥലമാണ്. കൊല്ലും കൊലയും നടത്തുന്ന വാടക ഗുണ്ടകളുടെ ഒളിത്താവളങ്ങളായി മാറിയിട്ടുണ്ട്. പനമുക്കിൽത്തന്നെ തേയ്ക്കാനത്ത് മംഗലം ഔസേഫ് പൊറിഞ്ചുവിന്റെ വീടിനടുത്ത് കയ്യാലപ്പറമ്പ് എന്ന സ്ഥലം ഒഴിഞ്ഞുകിടക്കുന്നതാണ്. ഈ രണ്ടു ഭൂമികളും തീർത്തും വിജനമായഭൂമികളാണ്.ഇവിടെ ഒളിത്താവളങ്ങൾക്ക് പുറമെ കുപ്പികൾ പൊട്ടിച്ചു കുടിക്കുകയും അശ്ളീല പ്രവൃത്തികൾ നടത്തുന്നതുമായ സ്ഥലമാണ്.

**കണ്ടാത്ത് മുക്ക്**

തോട്ടംപ്പടിയിലുള്ള ജാറം കോളനിയിലുള്ള സ്ഥലമാണ് കണ്ടാത്ത് മുക്ക്. കാടിന്റെ മുക്കാണത്. കണ്ടെത്താൻപറ്റാത്ത ഒരു മുക്കാണത്. അതുകൊണ്ടാണ് കണ്ടാത്ത് മുക്ക് എന്നു വിളിക്കുന്നത് എന്നാണ് പറയുന്നത്. രാമ മൂപ്പൻ, ഈച്ചരൻനായർ, കുറ്റിത്തറ തേവൻ എന്നിവരാണ് കണ്ടാത്ത് മുക്കിലെ ആദ്യത്തെ കൃഷിക്കാർ.

**വൻവൃക്ഷങ്ങൾ നിൽക്കുന്ന സ്ഥലങ്ങൾ:**

പനമുക്കിൽ ആട്ടോക്കാരന്റെ പറമ്പിൽ പഴക്കമുള്ള വലിയ വൃക്ഷങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം ഇപ്പോൾ വെട്ടിമാറ്റി. പട്ടിൽ കൂട്ടങ്ങൾ ഇപ്പോഴും ധാരാളമുണ്ട്. കുറെ മുൾച്ചെടികളും ഉണ്ട്.

നെട്ടിശ്ശേരിയിലെ വടക്കേടത്ത് കപ്ളിങ്ങാട്ട് മനയ്ക്ക് ചുറ്റും വിശാലമായ പറമ്പ് ആണ്. ഈ പറമ്പിൽ നിറയെ മരങ്ങൾ ഉണ്ട്. അതിൽ പണ്ടത്തെ വൻ മരങ്ങളും ഉണ്ട്. പണ്ട് ഈ പറമ്പിൽ നിറയെ തേക്കുകൾ ആയിരുന്നു. ഈ പറമ്പിനു താഴെ നിറയെ പാടങ്ങളാണ്. പഴയ കാലത്ത് മഴക്കാലത്ത് പാടത്ത് വെള്ളം നിറഞ്ഞ് ഈ പറമ്പിലേക്ക് മലമ്പാമ്പുകൾ വരാറുണ്ടത്രേ.

**പക്ഷി സങ്കേതങ്ങൾ:**

നെള്ളിക്കുന്നത്ത് മിക്ക വീടുകളിലും വലിയ പൂളകൾ ഉണ്ടായിരുന്നു. ആ പൂളകളിന്മേൽ നിറയെ വവ്വാലുകൾ ഉണ്ടായിരുന്നു. കുറുക്കന്മാർ ഇവിടെ ധാരാളം ഉണ്ടായിരുന്നു. പിന്നെ മെരു, കീരി ധാരാളം ഉണ്ടായിരുന്നു. ധാരാളം കശുമാവ്, മാവ്, പട്ടിലിന്റെ കൂട്ടം ഇതൊക്കെ ഇവിടെ ഉണ്ടായിരുന്നു. കുറദാശം മുഴുവൻ കുഞ്ഞാപ്പു എന്ന ഒരാളുടെ വകയായിരുന്നു. അന്ന് ഇവിടെ വൃക്ഷങ്ങളിൽ മുഴുവൻ വിവിധതരം പക്ഷികളും കൂടുകളും ഉണ്ടായിരുന്നു. അതിൻ നാനാ ജാതി ശബ്ദങ്ങൾ അന്നുണ്ടായിരുന്നു.

നെല്ലിക്കുന്നിൽ ഉള്ള ആലുക്കാസ് ഗാർഡനിൽ വലിയ ഒരു മുളക്കൂട്ടം ഉണ്ട്. അതിൽ വിവിധയിനം പക്ഷികൾ വന്നിരിക്കാറുണ്ട്. പിന്നെ ധാരാളം പാമ്പുകളും ഉണ്ടായിരുന്നു.

നെല്ലങ്കര ദേശത്ത് എലുവത്തിങ്കൽ ഡേവീസിന്റെ വീടും പരിസരവും പറമ്പുമെല്ലാം പക്ഷിമൃഗാദികളുടെ അഭയകേന്ദ്രം തന്നെയാണ്. പലതരത്തിലുള്ള പക്ഷിമൃഗാദികൾ അതായത് വെള്ളരി പ്രാവുകൾ (മയിലിന്റെ തുവൽ പോലെ വിരിഞ്ഞുനിൽക്കുന്ന തരത്തിലുള്ള പ്രാവുകളാണ്. ) ലൗ ബേർഡ്സ്, മുയലുകൾ, തത്തകൾ, കോഴികൾ, കാടകൾ, ഗ്രുസ് എന്നറിയപ്പെടുന്ന കോഴി എന്നിവയും ഇവർ ഈ വീട്ടിൽ വളർത്തുന്നു. ഇവക്കു പുറമേ തുക്കണാം കുരുവികളും മൈന, കൊക്ക്, തത്തകൾ തുടങ്ങിയവയും നിത്യ സന്ദർശകർ തന്നെ. ഈ ഭാഗം പണ്ടു മുതലേ ഒരു വലിയ തുരുത്തായിരുന്നു എന്നും പറയുന്നു. അതുകൊണ്ടു തന്നെയാവാം ഈ പക്ഷികൾ എല്ലാകൊല്ലവും സന്ദർശനം നടത്തുന്നത്. ഇപ്പോഴും  യാതൊരു വിധത്തിലുള്ള ശല്യവും ഈ വീട്ടുകാർ ഉണ്ടാക്കാത്തതു കൊണ്ടുമാവാം ഇപ്പോഴും ഇവിടെ പക്ഷികളൊക്കെ കൂടണയുന്നത്. നെല്ലങ്കരയിലെ നെൽ വയലിനടുത്തുള്ള തുരുത്തായതു കൊണ്ടാവാം കൊക്കുകളും നീർക്കാക്കകളും എരണ്ടകളും ഓരോ സീസണിലും വന്നു പോകുന്നത്. ഇവയ്യൊക്കെ പുറമെ വളരെയധികം കാക്കളും ഇവിടത്തെ സന്ദർശകരിൽെപ്പടുന്നവയാണ്. ഇദ്ദേഹത്തിന്റെ വീട്ടുമുറ്റത്തെ പുളിമരത്തിൽ വിരുന്നിനെത്തിയ ദേശാടനപ്പക്ഷികളുടെ ഫോട്ടോ പേപ്പറിൽ വന്നത് ഇതോടൊപ്പം വച്ചിട്ടുണ്ട്.

പനമുക്കിൽ ഊരാളൻ വാസുവിന്റെ പ്ളിയൂർ മാവിൽ ഇപ്പോഴും വവ്വാലുകൾ ഉണ്ട്. കൂട്ടം കൂട്ടമായി അവർ വന്നിരിക്കും. രാവിലെ പറന്നുപോകും.

പുലി, മരപ്പട്ടി, കാട്ടുപൂച്ച, കുറുക്കൻ ഇവയുള്ള സ്ഥലങ്ങൾ

പണ്ട് കാലത്ത് ആനപ്പാറ ഭാഗത്ത് ഓടിട്ട വീടുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മുഴുവൻ വൈക്കോൽ പുരകൾ ആയിരുന്നു. ഓല വീടും ഉണ്ടായിരുന്നില്ല. ഈ നാട്ടിലേക്ക് ഒറ്റക്ക് ആരും നടന്നു വരില്ല. കണ്ണു തെറ്റിയാൽ ആടിനെയും പശുവിനെയും പുലി പിടിച്ചു കൊണ്ടുപോകും. ഒരു ദിവസം ആടിനെ പിടിക്കാൻ വന്ന പുലിയെ വെടിവെച്ച് കൊന്നിട്ടുണ്ട്. 1940-ൽ ആനപ്പാറ ചുണ്ടൽ വീട്ടിൽ അന്തോണി താമസിക്കുന്ന ഭാഗത്ത് ഒരു കൂട്ടം ചെന്നായ്ക്കൾ ഇറങ്ങിയിട്ടുണ്ട്.

ഇവരുടെ കാരണവന്മാർ ആദ്യകാലത്ത് വൃക്ഷത്തിന്റെ മുകളിൽ ഏറുമാടം കെട്ടിയാണ് താമസിച്ചിരുന്നത്. കച്ചവടത്തിനായി കുന്ദംകുളം ഭാഗത്ത് വന്നവരാണ് ഇവിടത്തെ നിരന്ന ഭൂമി കണ്ട് കൈക്കോട്ട് കൊണ്ടുവന്ന് കിളച്ച് വിത്തിട്ട് കൃഷി ആരംഭിച്ചത്. ആദ്യം വിത്തിട്ട് പോകും. പിന്നീട് വന്ന് ഞാറ് പറിച്ചു നട്ട് നെല്ല് വിളയിച്ചു. കാട്ടുമൃഗങ്ങൾ തിന്നതിന്റെ ബാക്കിയാണ് ഇവർക്ക് ലഭിച്ചിരുന്നത്. അന്ന് ധാരാളം കാട്ടുമൃഗങ്ങൾ ഇവിടെ ഇറങ്ങി കൃഷികൾ നശിപ്പിച്ചിരുന്നു.

ആനപ്പാറ പോലീസ് ക്യാമ്പിൽ ഉള്ളിലേക്ക് ചെന്നാൽ ഇപ്പോഴും ഇവിടെ മുഴുവനും മയിലുകൾ, കുറുക്കൻ, പന്നി, കാട്ടുകോഴി, മുതലായ കാട്ടുമൃഗങ്ങൾ വളരെയധികം ഉണ്ട് എന്നു പറയുന്നു. പോലീസ് ക്യാമ്പ് ഇരിക്കുന്ന സ്ഥലം മുഴുവൻ പണ്ട് തൃശ്ശൂർക്കാരൻ ഒരു

സ്വാമിയുടെ വകയായിരുന്നു. "പൊങ്ങണത്ത് സ്വാമി" എന്നാണ് ഇയാളെ പറഞ്ഞിരുന്നത്. ആനപ്പാറ പ്ളാവും കൂട്ടിൽ നാണിയുടെ അമ്മയുടെ അച്ഛൻ ക്യാമ്പിന്റെ സ്ഥലം പണ്ട് കാലത്ത് പാട്ടത്തിന് നെല്ല് കൃഷി ചെയ്തിരുന്നു. ഇന്ന് ക്യാമ്പിൽ കാണുന്ന കശുമാവുകളും മാവുകളും ഇയാൾ നട്ട് പിടിപ്പിച്ചിട്ടുള്ളതാണ്. ക്യാമ്പിന്റെ സ്ഥലത്ത് കൊള്ളിനടുകയും വാഴ നടുകയും ചെയ്തിരുന്നു. ഇന്ന് ക്യാമ്പിലെ ചില കിണറുകൾ ഇവർ കുത്തിയിട്ടുള്ളതാണ്.

ക്യാമ്പിന്റെ ഈ സ്ഥലത്തിന് അന്ന് "പയ്യുന്ന് " എന്നാണ് പേര് വിളിച്ചിരുന്നത്.

കുർക്കഞ്ചേരി എന്ന പ്രദേശം പണ്ട് കുറുക്കന്മാരുടെ താവളമായിരുന്നു. അതുകൊണ്ട് കുറുക്കന്മാരുടെ ചേരി എന്നർത്ഥം വരുന്ന "കുർക്കഞ്ചേരി" എന്ന പേരുണ്ടായത്. എന്നാൽ ഇന്ന് ഒറ്റ കുറുക്കൻ പോലും ഈ പ്രദേശത്തെങ്ങും തന്നെയുണ്ടായില്ല. വംശനാശം സംഭവിച്ചിരിക്കുന്നു.
പിന്നെ ഈ പ്രദേശത്തിന്റെ മറ്റൊരു പ്രത്യേകത പണ്ട് ഇവിടം മുഴുവൻ മുളം കാടുകളെ കൊണ്ട് നിറഞ്ഞിരുന്നുവെന്നതാണ്. ഇന്ന് ഇവിടെ എവിടെയും ഒരു മുളംകാടു പോലും കാണ്മാനില്ല. എല്ലാം നശിച്ചു പോയിരിക്കുന്നു.

പനമുക്കിൽ ആട്ടോക്കാരന്റെ പറമ്പിൽ ഇപ്പോഴും കുറക്കൻ, മരപ്പട്ടി, കാട്ടുപൂച്ച എന്നിവ ഉണ്ട്. വൈകീട്ട 6 മണിക്കുശേഷം കുറുക്കൻ ഇറങ്ങികഴിഞ്ഞാൽ മനുഷ്യർക്ക് വരാൻ പേടിയാകും. മനുഷ്യൻ വഴി മാറിയാലും കുറുക്കൻ വഴി മാറില്ല. നാലരയ്ക്ക് ശേഷം മുയലുകൾ പറമ്പിൽ നിറയെ ഉണ്ടാകാറുണ്ട്.

ഒല്ലൂരിലുള്ള പട്ടത്ത്പാടം നീരോലിപ്പാടം എന്നാണ് അറിയപ്പെട്ടിരുന്നത്. കാരണം ആ ഭാഗത്ത് ധാരാളം നീരോലിച്ചെടികൾ ഉണ്ടായിരുന്നു. പട്ടാണിത്തോപ്പ എന്നാണ് ഒല്ലൂരിലുള്ള വിയ്യത്ത് ശങ്കരൻ മാസ്റ്റർ താമസിക്കുന്ന ഭാഗത്തിന് അറിയപ്പെട്ടിരുന്നത്. കാരണം ഇവിടെ മാവിൻേത്താപ്പായിരുന്നു. ഇത് നോക്കി നടത്താൻ കിഴക്കുനിന്നും പട്ടാലി എന്നയാളെ നിയമിച്ചു. പട്ടാലിത്തോപ്പ് എന്നാണ് ഇത് ആദ്യം അറിയപ്പെട്ടിരുന്നത്. ഉച്ചാരണ വ്യത്യാസം കൊണ്ട് കാലക്രമേണ "പട്ടാണിത്തോപ്പ്" എന്നായി മാറി. പട്ടത്ത് പാടത്തിനപ്പുറം ചീപ്പിനടുത്ത് ഉറു പാടം ഉണ്ട്. ഉറു ധാരാളം ഉള്ളതിനാൽ ഉറുപ്പാടം എന്നു പറയപ്പെടുന്നു.

**കിണറുകൾ :**
മുനിസിപ്പൽ കോർപ്പറേഷന്റെ തെക്കെ സെന്ററിൽ ഒരു കിണർ ഉണ്ടായിരുന്നു. പട്ടാളം റോഡ് വഴിക്ക് ആർ.എം.എസ്സ് ന്റെ മുൻവശത്ത് ഒരു കിണർ ഉണ്ടായിരുന്നു. കൊക്കാല റോഡിന്റെ സെന്ററിൽ ഒരു കിണർ ഉണ്ടായിരുന്നു. ജോസ് തീയ്യേറ്ററിന്റെ മുന്നിൽ ഒരു കിണർ ഉണ്ടായിരുന്നു. ചെട്ടിയങ്ങാടിയിൽ നിന്ന് നാരങ്ങാ ഗോഡൗണിന്റെ നടുവിൽ ഒരു കിണർ ഉണ്ടായിരുന്നു.

**കുളങ്ങൾ :**

ശക്തൻ മാർക്കറ്റ് ഒരു കുളം ആയിരുന്നു. ഇരട്ടച്ചിറ കുളം കുറുപ്പത്ത് ഇക്കാവമ്മക്ക് വേണ്ടി കൊച്ചി രാജകുടുംബത്തിലെ ഇളയതമ്പുരാൻ പണിത് കൊടുത്തതാണ്. (ഇക്കാവമ്മക്ക് കുളിക്കാൻ വേണ്ടി മാത്രം) ആ കുളത്തിന്റെ മദ്ധ്യ ഭാഗത്തുകൂടി ഒരു വലിയ ചിറ കെട്ടിയിട്ടുണ്ടായിരുന്നു. അതാണ് ഇരട്ടച്ചിറ കുളം.